(സി) 1. സുനാമി ബാധിത പ്രദേശങ്ങളിൽ ഖരമാലിന്യ നിർമ്മാർജന പ്രവർത്തനങ്ങൾ.

2. കുടിവെള്ള സ്രോതസ്സുകൾ സൂപ്പർ ക്ലോറിനേറ്റ് ചെയ്യുക.

3. മലിനജനം കെട്ടിക്കിടക്കുന്നത് ഇല്ലാതാക്കുന്നതിനുള്ള നടപടികൾ

4. കൊതുക്, കുത്താടി നിവാരണ പ്രവർത്തനങ്ങൾ, കീടനാശിനി തളിക്കൽ, ഫോഗിംഗ് തുടങ്ങിയവ

5. ഭക്ഷ്യയോഗ്യമല്ലാത്ത ആഹാരപദാർത്ഥങ്ങളും മറ്റും നശിപ്പിക്കൽ

6. കുടിവെള്ളത്തിന്റേയും ആഹാര സാധനങ്ങളുടേയും സാമ്പിൾ എടുത്ത് ഗുണമേൻമ ടെസ്റ്റ് ചെയ്യൽ

7. ഫീൽഡ് തലത്തിൽനിന്നും, മെഡിക്കൽ ക്യാമ്പുകളിൽനിന്നും, ആരോഗ്യ സ്ഥാപനങ്ങളിൽനിന്നും പകർച്ചവ്യാധി രോഗങ്ങളെ സംബന്ധിക്കുന്ന ദൈനംദിന റിപ്പോർട്ട് ശേഖരണം, പനിയുള്ളവരുടെ രക്തപരിശോധന രോഗപ്രതിരോധ കുത്തിവയ്പ്പുകൾ തുടങ്ങിയ കാര്യങ്ങൾ ചെയ്തു വരുന്നു. സാംക്രമിക രോഗങ്ങളെക്കുറിച്ചുള്ള വിവിധതരം ആരോഗ്യ ബോധവൽക്കരണ പരിപാടികളും നടത്തിവരുന്നു. ഇരുപത് റിലീഫ് ക്യാമ്പുകൾ കൊല്ലം, ആലപ്പുഴ ജില്ലകളിലായി ദുരന്ത ബാധിത പ്രദേശങ്ങളിൽ നടന്നുവരുന്നുണ്ട്. ഇവയിൽ 1697 ആളുകൾ ഇപ്പോൾ ഉണ്ട്. ഈ ക്യാമ്പുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന മെഡിക്കൽ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. രോഗപ്രതിരോധ നടപടികൾ കൈക്കൊള്ളുന്നതിനായി അതാതു ജില്ലാ ഡെപ്യൂട്ടി ഡി.എം.ഒ.-യുടെ നേതൃത്വത്തിൽ ടെക്നിക്കൽ അസിസ്റ്റന്റ്, ബയോളജിസ്റ്റ്, ഹെൽത്ത് സൂപ്പർവൈസർ, ഹെൽത്ത് ഇൻസ്പെക്ടർ, സന്നദ്ധസേനാംഗങ്ങൾ എന്നിവരടങ്ങുന്ന സാനിട്ടറി ടീം ഇപ്പോഴും ക്യാമ്പുകളിലും പരിസരപ്രദേശങ്ങളിലും രോഗപ്രതിരോധ നടപടികൾ നടത്തിവരുന്നു.

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും വിവിധ സന്നദ്ധസംഘടന പ്രവർത്തകരുടേയും ബഹുജന സഹകരണത്തോടുകൂടിയാണ് രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നത്.

പേവിഷ വാക്സിൻ ഇടപാടിലെ അഴിമതി

* 11 [9] ശ്രീ. രാജു എബ്രഹാം:

„ കെ. രാധാകൃഷ്ണൻ:

„ ടി. കെ. ബാലൻ:

„ എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് പേ വിഷബാധക്കെതിരെ ഉപയോഗിച്ചുവരുന്ന അഭയറാബ് എന്ന വാക്സിൻ നിരോധിച്ചുകൊണ്ട് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത മരുന്ന് നിരോധിക്കാനുണ്ടായ കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതു സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) അഭയറാബ് എന്ന മരുന്ന് നിരോധിച്ചതിനുശേഷം പേ വിഷബാധക്കെതിരെ ഉപയോഗിക്കുന്ന മരുന്നുകൾ വാങ്ങിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഏതെല്ലാം കമ്പനികളിൽനിന്നും എന്തു തുകയ്ക്കുള്ള മരുന്നുകൾ വാങ്ങിയതെന്ന് വ്യക്തമാക്കുമോ;

(എഫ്) അഭയറാബ് എന്ന വാക്സിനേക്കാൾ എന്തു വില കൂട്ടിയാണ് പ്രസ്തുത മരുന്നുകൾ വാങ്ങിയതെന്ന് വെളിപ്പെടുത്തുമോ;

(ജി) പേ വിഷ വാക്സിൻ ഇടപാടിൽ കോടിക്കണക്കിന് രൂപയുടെ നഷ്ടം സംഭവിച്ചതായി നിയമസഭയുടെ എസ്റ്റിമേറ്റ് കമ്മിറ്റി നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയതായി വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഐ) വാക്സിൻ ഇടപാടിൽ കോടിക്കണക്കിനു രൂപയുടെ നഷ്ടം വരുത്തിയതിന് ഉത്തരവാദികളായവരിൽനിന്നും പ്രസ്തുത തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ജെ) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻമാസ്റ്റർ):

(എ) പേ വിഷബാധയ്ക്കെതിരെ ഉപയോഗിച്ചു വരുന്ന അഭയറാബ് വാക്സിൻ ഉപയോഗം മരവിപ്പിച്ചുകൊണ്ട് 22-10-2002-ൽ ആരോഗ്യ വകുപ്പ് ഡയറക്ടർ ആദ്യ ഉത്തരവ് പുറപ്പെടുവിച്ചു, തുടർന്ന് 24-10-2002-ൽ പ്രസ്തുത വാക്സിന്റെ മുഴുവൻ സ്റ്റോക്കും ഉപയോഗവും മരവിപ്പിച്ചുകൊണ്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ ഉത്തരവായി.

(ബി) അഭയറാബ് വാക്സിൻ കുത്തിവച്ച ഒരു രോഗിയിൽ റിയാക്ഷൻ ഉണ്ടായി എന്ന് 21-10-2002-ൽ കൊല്ലം ജില്ലാ ആശുപത്രിയിൽനിന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഈ നിരോധനം ഏർപ്പെടുത്തിയതെന്ന് കാണുന്നു.

(സി) പ്രാഥമിക ചില അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും വിശദമായ അന്വേഷണം വിജിലൻസ് വകുപ്പാണ് നടത്തിക്കൊണ്ടിരിക്കുന്നത്. നിയമസഭാ എസ്റ്റിമേറ്റ് കമ്മിറ്റി ഈ വിഷയത്തിൽ അന്വേഷണം നടത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്.

(ഇ) 2002 ഒക്ടോബർ മുതൽ 2003 ഒക്ടോബർ വരെ അവന്തീസ് ഫാർമ എന്ന (എൽ 2) കമ്പനിയിൽനിന്ന് 2.5 കോടി രൂപ വില വരുന്ന വാക്സിൻ വാങ്ങിയിട്ടുണ്ട്.

(എഫ്) അരയോബ് വാക്സിനേക്കാൾ അവന്തീസ് ഫാർമയുടെ വാക്സിന് 34 രൂപ കൂടുതലാണ്.

(ജി) പേ വിഷ വാക്സിൻ ഇടപാടിൽ നഷ്ടം സംഭവിച്ചതായി എസ്റ്റിമേറ്റ് കമ്മിറ്റി കണ്ടെത്തിയതായി അവർ സമർപ്പിച്ച റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

(എച്ച്) റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നതേയുള്ളു.

(ഐ) പേ വിഷ വാക്സിൻ ഇടപാടിൽ നഷ്ടത്തിന് ഏതെങ്കിലും ഉദ്യോഗസ്ഥൻ ഉത്തരവാദിയാണെന്ന് തെളിയുന്ന പക്ഷം പ്രസ്തുത ഉദ്യോഗസ്ഥനിൽ നിന്നും നഷ്ടം ഈടാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ജെ) റിപ്പോർട്ട് വിശദമായി പഠിച്ചതിനുശേഷമേ വിശദാംശങ്ങൾ വെളിപ്പെടുത്താൻ കഴിയുകയുള്ളു.

ഹവാല പണമിടപാടുകളെക്കുറിച്ച് അന്വേഷണം

* 12 [10] ശ്രീ. പി. സി. ജോർജ്:

„ കെ. എ. ബാലൻ:

„ മത്തായി ചാക്കോ:

„ കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലേക്ക് കടത്തിയ ഹവാല പണമിടപാടുകളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) കേരളത്തിലേക്ക് കടത്തിയ ഹവാല പണം ആർക്കാണ് ലഭിച്ച തെന്നും അത് എന്തിനുവേണ്ടിയാണ് ഉപയോഗിച്ചതെന്നും അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) ഇതു സംബന്ധിച്ച് ഇന്റർ സ്റ്റേറ്റ് ഇൻറലിജൻസ് സപ്പോർട്ട് ടീം എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) എല്ലാ കേന്ദ്ര രഹസ്യാന്വേഷണ ഏജൻസികളും ഉൾക്കൊള്ളുന്ന മൾട്ടി എജൻസി സെന്റർ ഇതിനെക്കുറിച്ച് അന്വേഷിക്കണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം കേന്ദ്രം പരിഗണിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly